മത്സരദർഘാസിന്റെ അടിസ്ഥാനത്തിൽ ബൂട്ട് (BOOT) വ്യവസ്ഥയിൽ 30 വർഷത്തേയ്ക്ക് ഏകദേശം 100 MW സ്ഥാപിതശേഷി കൈവരിക്കാവുന്ന 23 പദ്ധതികൾ IPP, CPP വിഭാഗത്തിലായി അനുവദിച്ചു. ഇതിൽ രണ്ടു പദ്ധതികളുടെ പണി ആരംഭിച്ചിട്ടുണ്ട്.

ഹൈഡൽ പവർ പ്രോജക്ടുകൾ

10 (5814) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. ടി. യു. കരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൂടുതൽ ഹൈഡൽ പവ്വർ പ്രോജക്ടുകൾ ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

63.6 മെഗാവാട്ടിന്റെ 6 ചെറുകിട ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണം കഴിഞ്ഞ 4 വർഷത്തിനുള്ളിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ ആരംഭിച്ചിട്ടുണ്ട്. ഈ കാലയളവിൽ 88.2 മെഗാവാട്ടിന്റെ 10 ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് സർക്കാർ ഭരണാനുമതിയും 146.2 മെഗാവാട്ടിന്റെ 10 ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് ബോർഡും ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 22 പദ്ധതികളുടെ DPR തയ്യാറാക്കുന്നത് പുരോഗമിക്കുന്നു.

ഊർജ്ജോത്പ്പാദനത്തിനായി പരിഗണിക്കേണ്ട പദ്ധതികൾക്കായി ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം 107.5 മെഗാവാട്ടിന്റെ 12 ചെറുകിട ജലവൈദ്യുത പദ്ധതികൾ ഒരു വർഷത്തിനകം ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കി ടെണ്ടർ ചെയ്യാൻ ലക്ഷ്യമിട്ടിട്ടുണ്ട്. സ്വകാര്യ പങ്കാളിത്തത്തോടെ 100 മെഗാവാട്ടിന്റെ ഉത്പ്പാദനത്തിനായി 23 ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാനും സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

ഊർജ്ജ സംരക്ഷണ ബോധവത്ക്കരണത്തിനായി നടത്തുന്ന പരിപാടികൾ

11 (5815) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജ സംരക്ഷണ ബോധവത്ക്കരണത്തിനായി വകുപ്പ് നടത്തുന്ന പരിപാടികളെക്കുറിച്ച് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly